**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 203** **27-02-2023 - ൽ മറുപടിയ്ക്ക്**

**കയർ വ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തമിഴ്നാടിന്റെ കയർ ഉല്പന്നങ്ങളുടെയും ഫൈബർ ഉല്പന്നങ്ങളുടെയും വിലയെ അടിസ്ഥാനപ്പെടുത്തിയുള്ള മത്സരത്തിൽ സംസ്ഥാനത്തെ കയർ വ്യവസായം വിപണി കണ്ടെത്തുന്നതിൽ പ്രതിസന്ധി നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | തമിഴ്നാടിൽ നിന്നുള്ള കയർ ഉല്പന്നങ്ങളുടെയും ഫൈബർ ഉല്പന്നങ്ങളുടെയും താരതമ്യേന കുറഞ്ഞ വില സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന കയർ വിപണനം ചെയ്യുന്നതിൽ സൃഷ്ടിക്കുന്ന വെല്ലുവിളി സംസ്ഥാനത്തെ കയർ വ്യവസായ മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട് .<br><br>പി വി സി ഉല്പന്നങ്ങൾ, മറ്റ് പ്ലാസ്റ്റിക് സിന്തറ്റിക്സ്, പോളിപ്രൊപ്പലിൻ തുടങ്ങിയ ഉല്പന്നങ്ങൾ വിപണി കൈയടക്കുന്നതു മൂലമാണ് പരമ്പരാഗത കയർ വ്യവസായത്തിലെ കൈത്തറി ഉല്പന്നങ്ങളായ ഫൈബർ മാറ്റ്, ബി സി 1, ബി സി 20 എന്നീ ഉല്പന്നങ്ങൾക്ക് വിദേശ-ആഭ്യന്തര വിപണിയിൽ കടുത്ത ഓർഡർ ക്ഷാമം ഉണ്ടാകാൻ കാരണമായിട്ടുള്ളത്. നിലവിൽ സംജാതമായിട്ടുള്ള ഈ പ്രതിസന്ധിക്കിടയിലും കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനായി ഒട്ടനവധി മേളകളിൽ സാന്നിദ്ധ്യം ഉറപ്പ് വരുത്തുകയും ഇന്ത്യയിലെ വൻകിട റീട്ടെയ്ൽ ശൃംഖലകളായ റിലയൻസ്, ഡീ-മാർട്ട്, വിശാൽ മെഗാ മാർട്ട് എന്നിവരുമായി വാണിജ്യ കരാറിൽ ഏർപ്പെട്ട് വിവിധയിനം കയറുല്പന്നങ്ങൾ, കയർ പൊതുമേഖലാസ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖേന വിറ്റഴിച്ചു വരികയും ചെയ്യുന്നു. കയർ ഭൂവസ്ത്രമുൾപ്പെടെ ഉല്പന്നങ്ങൾ പരമാവധി സംഘങ്ങളിൽ നിന്ന് സ്റ്റോക്കായി സംഭരിച്ചും ഓർഡറുകൾ ലഭ്യമാക്കാൻ പരമാവധി പരിശ്രമിച്ചും കയറുല്പന്ന മേഖലയെ സജീവമാക്കാൻ നടപടികൾ കൈക്കൊണ്ട് വരുന്നു. |
| (ബി) | ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെ | (ബി) | സംസ്ഥാനത്ത് പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് കാലാനുസൃതമായ യന്ത്രവൽക്കരണത്തിലൂടെയും ഉല്പന്ന |

| | | | |
|---|---|---|---|
| | ബാധിക്കാത്ത രീതിയിലുള്ള യന്ത്രവൽക്കരണം ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | | വൈവിധ്യവൽക്കരണത്തിലൂടെയും വിപണി വിപുലീകരണത്തിലൂടെയും കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി അതിജീവിക്കാൻ പ്രവർത്തനങ്ങൾ തുടർന്നു വരികയാണ്. പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ടുള്ള യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഡീഫൈബറിംഗ് മില്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | അസംസ്കൃത വസ്തുവായ ചകിരി ന്യായ വിലയ്ക്ക് ലഭ്യമാക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (സി) | കയർഫെഡ് ഇ-ടെൻണ്ടർ മുഖേന പ്രൈസ് ഡിസ്കവറി സിസ്റ്റം വഴി ചകിരി സംഭരിച്ച് സംഘങ്ങൾക്ക് വിതരണം ചെയ്തു വരുന്നു. കയർഫെഡ് ഇ-ടെൻഡർ മുഖേന പ്രൈസ് ഡിസ്കവറി നടത്തുന്ന വിലയ്ക്കോ അതിൽ താഴെയുള്ള വിലയ്ക്കോ സംഘങ്ങൾക്ക് ചകിരി നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ചകിരി കിലോഗ്രാമിന് 22/- രൂപ ഉണ്ടായിരുന്നത് മാർക്കറ്റ് വില അടിസ്ഥാനപ്പെടുത്തി 16.50/- രൂപയ്ക്ക് കയർ സഹകരണ സംഘങ്ങൾക്ക് നൽകി വരുന്നു.<br><br>വൈക്കം, ആലപ്പുഴ കയർ പ്രോജക്ടുകൾക്ക് കീഴിലെ പതിനഞ്ച് ഡീഫൈബറിംഗ് യൂണിറ്റുകളെ അംഗങ്ങളാക്കി ആലപ്പുഴ ജില്ലയിലെ കാട്ടുകട ആസ്ഥാനമാക്കി വൈക്കം കയർ കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. കാട്ടുകടയിൽ കൺസോർഷ്യത്തിനു കീഴിലും ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ച് ചകിരി ഉല്പാദനം നടത്തി വരുന്നു. വൈക്കം കയർ കൺസോർഷ്യം അംഗസംഘങ്ങൾക്ക് ചകിരി ഉല്പാദനത്തിനായി തൊണ്ട് സംഭരിച്ച് വിതരണം ചെയ്തു വരുന്നതു മൂലം കൺസോർഷ്യത്തിനു കീഴിലെ ഡീഫൈബറിംഗ് മില്ലിൽ ഉല്പാദിപ്പിക്കുന്ന ചകിരി ആലപ്പുഴ വൈക്കം പ്രോജക്ടുകൾക്ക് കീഴിലെ സംഘങ്ങൾക്ക് ന്യായവിലയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്തെ കയർ വ്യവസായത്തെ കരകയറ്റുന്നതിന് കേന്ദ്ര സർക്കാരിൽ നിന്ന് പര്യാപ്തമായ സഹായം ലഭിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | 50% കേന്ദ്രസഹായമുള്ള മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് പദ്ധതിയിൽ 2021-22 വർഷത്തെ കേന്ദ്ര വിഹിതമായ ഏഴ് കോടി രൂപ കേന്ദ്രം അംഗീകരിച്ചു എങ്കിലും 2.5 കോടി രൂപ മാത്രമേ നാളിതുവരെ അനുവദിച്ചിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ